# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5348 31.10.2016-ൽ മറുപടിക്ക്

**ഇ-ഹെൽത്ത് പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഇ-ഹെൽത്ത് എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. ഇ-ഹെൽത്ത് പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.<br>• വിവര സാങ്കേതികവിദ്യയുടെ സഹായത്താൽ കേരളത്തിലെ പൊതുജനാരോഗ്യ സംബന്ധമായ വിവരങ്ങൾ ഒരു കേന്ദ്രീകൃത കംപ്യൂട്ടർ സംവിധാനത്തിൽ ലഭ്യമാക്കുക<br>• കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ബന്ധപ്പെട്ട മറ്റു പൊതുജനസ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽകൃത സേവനങ്ങൾ ലഭ്യമാക്കുക<br>• കേരള സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളേയും ബന്ധപ്പെട്ട മറ്റു പൊതുജനാരോഗ്യ സ്ഥാപനങ്ങളേയും ഒരു വൈഡ് ഏരിയ നെറ്റ് വർക്കിലൂടെ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനവുമായി ബന്ധിപ്പിക്കുക.<br>• കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ചികിത്സ നടത്തുന്നവരുടെ ചികിത്സാവിവരങ്ങൾ കമ്പ്യൂട്ടറിൽ |

| | | | |
|---|---|---|---|
| | | | സൂക്ഷിക്കുകയും പിന്നീട് തുടർചികിത്സയ്ക്കായി വീണ്ടു മെത്തുമ്പോൾ അവ പ്രസ്തുത ആശുപത്രികളിലെ ഡോക്ടർമാർക്ക് അനായാസേന ലഭ്യമാക്കുകയും ചെയ്യുക |
| (ബി) | പദ്ധതി നടത്തിപ്പിന്റെ ഭാഗമായുള്ള വിവര ശേഖരണം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കും; വിശദാംശം നൽകുമോ; | (ബി) | പദ്ധതിയുടെ സാങ്കേതികവശങ്ങളെ സംബന്ധിച്ചുള്ള വിവരശേഖരണം പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായ കുടുംബ ആരോഗ്യ വിവര ശേഖരണം ആരംഭിച്ചിട്ടുണ്ട്. ഇത് 2017 മാർച്ച് മാസത്തോടെ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യ മിട്ടിരിക്കുന്നത്. |
| (സി) | സംസ്ഥാന പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ എല്ലാ ആരോഗ്യ സ്ഥാപനങ്ങളെയും കമ്പ്യൂട്ടർ വത്ക്കരിക്കുന്നതിന് പ്രസ്തുത പദ്ധതി പ്രകാരം ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഉണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങി മെഡിക്കൽ കോളേജുകൾ വരെയുള്ള എല്ലാ സർക്കാർ ആശുപത്രികളെയും ഈ പദ്ധതിയിൽ ഉൾകൊള്ളിച്ചിട്ടുണ്ട്. 7 ജില്ലകൾ വീതം 2 ഘട്ടങ്ങളിലായിട്ടാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**